ഫ്റീസിംഗ് പ്ലാന്റ്

* 434. [21] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഫ്റീസിംഗ് പ്ലാന്റ് എത്ര എണ്ണം ഉണ്ട്. എവിടെയെല്ലാം ;

(ബി) അതു് ആരെയെല്ലാം ഏൽപ്പിച്ചിരിക്കുന്നു ; എന്തു വ്യവസ്ഥയിൽ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) നാലു്; തിരുവനന്തപുരം, നീണ്ടകര, കൊച്ചി, കോഴിക്കോടു് എന്നീ സ്ഥലങ്ങളിലാണു് അവ സ്ഥാപിച്ചിട്ടുള്ളതു്.

(ബി) ഈ പ്ലാന്റുകളും ഏൽപ്പിച്ചിട്ടുള്ളവരുടെ ഒരു പട്ടികയും, വ്യവസ്ഥകളുടെ ഒരു † സ്റ്റേറ്റുമെന്റും മേശപ്പുറത്തു വച്ചിട്ടുണ്ടു്.

യന്ത്രവൽകൃത മത്സ്യബന്ധനം

* 435. [23] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനം പൂർണ്ണമായും യന്ത്രവൽക്കരിക്കുന്നതിനായി ഗവണ്മെന്റു് എടുക്കാനുദ്ദേശിക്കുന്ന നടപടികളും എന്തൊക്കെയാണു് ;

(ബി) മത്സ്യബന്ധനബോർഡിനു വേണ്ടുന്ന ഡീസൽ എൻജിനുകളും നിർമ്മിക്കുന്നതിനു ഒരു ഫാക്റ്ററി കേരളത്തിൽ സ്ഥാപിക്കുന്ന കാര്യത്തിൽ ഗവണ്മെന്റു് എന്തൊക്കെ ചെയ്തു ;

(സി) പ്രസ്തുത ഫാക്റ്ററി സ്ഥാപനത്തെപ്പറ്റി വിശദാംശങ്ങളും എന്തൊക്കെയാണു് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് 760 യന്ത്രവൽകൃതബോട്ടുകളും നിർമ്മിച്ചു് മത്സ്യത്തൊഴിലാളികൾക്കു് സൗജന്യവിലയ്ക്കു് നൽകുവാനും പുതുതായി രണ്ടു് ബോട്ടുനിർമ്മാണശാലകളും അഴീക്കോട്ടും, കണ്ണൂരും സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു.

(ബി) നോർവീജിയൻ ഏജൻസി ഫോർ ഇൻറർ നാഷണൽ ഡെവലപ്പുമെൻറിന്റെയും, മെസ്സേഴ്സ്സ് ശേഷസായി ബ്രദേഴ്സ് ലിമിറ്റഡിന്റെയും, സഹകരണത്തോടുകൂടി ഒരു മെറൈൻ ഡീസൽ എൻജിൻഫാക്റ്ററി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഫാക്റ്ററി സ്ഥാപനത്തിനു വേണ്ട ഇൻഡസ്ട്രിയൽ ലൈസൻസിനു കേരള സ്റ്റേറ്റു് ഇൻഡസ്ട്രിയൽ ഡവലപ്പുമെൻറു് കോർപ്പറേഷൻ കേന്ദ്രഗവണ്മെൻറിനു് അപേക്ഷിച്ചിട്ടുണ്ടു്.

(സി) നോർവീജിയൻ ഏജൻസി ഈ ഫാക്റ്ററിയുടെ ഓഹരിമൂലധനത്തിൽ പങ്കു ചേരാമെന്നേറ്റിട്ടുണ്ടു്. കേരള സ്റ്റേറ്റു് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറു് കോർപ്പറേഷനും, ഓഹരിമൂലധനത്തിൽ പങ്കു വഹിക്കാനുദ്ദേശിക്കുന്നു. പങ്കു് എത്രത്തോളമെന്നോ, ഏതുവിധത്തിലെന്നോ നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല. ഫാക്റ്ററി സ്ഥാപനം സംബന്ധിച്ചുള്ള കരാറിന്റെ വിശദാംശങ്ങളും ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

† Appendix III.

LIBRARY ARCHIVES Kerala Legislative Assembly